**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 144** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.പി. സുമോദ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വൈസ് ചാൻസലർ നിയമനം ചാൻസലറുടെ മാത്രം തീരുമാനത്തിന്റെ അടിസ്ഥാനത്തിലാകുന്നത് പ്രസ്തുത മേഖലയ്ക്ക് ഹാനി വരുത്തുമെന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (എ) | യു.ജി.സി. നിഷ്കർഷിക്കുന്ന പ്രകാരമാണ് സർവകലാശാല ചാൻസലർ, വൈസ് ചാൻസലറുടെ നിയമനം നടത്തുന്നത്. |
| (ബി) | ഉന്നതവിദ്യാഭ്യാസ രംഗത്ത് യു.ജി.സി. ചെയർമാൻ അധികാരപരിധിക്ക് അതീതമായ ഇടപെടൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഇടപെടൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ പിന്നോട്ടടിക്കും എന്നതിനാൽ ഇത്തരം നീക്കങ്ങളെ നിയമപരമായും ജനകീയമായും നേരിടാൻ നടപടിയെടുക്കുമോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഉന്നതവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ നടത്തിയ കൊളോക്വിയത്തിൽ ഉയർന്ന പ്രധാന നിർദേശങ്ങൾ അറിയിക്കാമോ; അവ പരിഗണിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കൊളോക്വിയം 2022 ഒക്ടോബർ 25, 26 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായി. ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട സർവ്വകലാശാല/ കോളേജ് അദ്ധ്യാപകരും അനദ്ധ്യാപകരും മറ്റും രണ്ട് ദിവസത്തെ കൊളോക്വിയത്തിൽ പങ്കെടുത്ത്, ഉന്നത വിദ്യാഭ്യാസ പരിഷ്കരണവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ചർച്ച ചെയ്തു.<br><br>**<u>പ്രധാന തീരുമാനങ്ങൾ</u>**<br><br>സംസ്ഥാനത്ത് 4 വർഷ ഡിഗ്രി കോഴ്സുകൾ 2023-24 അധ്യയനവർഷം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കും.<br><br>• 4 വർഷ ഡിഗ്രി പ്രോഗ്രാമുകളിൽ ഫൗണ്ടേഷൻ കോഴ്സുകൾ ഉൾപ്പെടുത്തും. |

| | | | |
|---|---|---|---|
| | | | • 3-ാം വർഷം ഡിഗ്രി പഠനം അവസാനിപ്പിക്കാൻ വിദ്യാർത്ഥികൾക്ക് അനുമതി ഉണ്ടാകും.<br>• 4 വർഷ ബിരുദക്കാർക്ക് പി.ജി. തലത്തിൽ ലാറ്ററൽ എൻട്രി<br>• പി.ജി.-പി.എച്ച്.ഡി ഇൻറഗ്രേറ്റഡ് കോഴ്സുകൾ ആരംഭിക്കും.<br>• ഗവേഷണ താൽപര്യമുള്ള JRF/SRF ലഭിക്കാത്ത സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ്.<br>• ഉന്നത വിദ്യാഭ്യാസ വികസനത്തിനായി പ്രത്യേക ഫണ്ട് സമാഹരിക്കും.<br>• ഇൻറർയൂണിവേഴ്സിറ്റി മാറ്റം സുഗമമാക്കുന്നതരത്തിൽ തുല്യതാസർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.<br>• ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവുള്ള പ്രദേശങ്ങളിൽ കൂടുതൽ കോളേജുകളും കോഴ്സുകളും അനുവദിക്കും.<br>• ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ പദ്ധതികളും/സ്ഥാപനങ്ങളും ആരംഭിക്കും. |
| (ഡി) | ഉന്നതവിദ്യാഭ്യാസ പരിഷ്കരണത്തിനായുള്ള കമ്മീഷനുകളുടെ റിപ്പോർട്ടിന്മേൽ തുടർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, പരീക്ഷാ പരിഷ്കരണ കമ്മീഷൻ, നിയമപരിഷ്കരണ കമ്മീഷൻ എന്നീ കമ്മീഷനുകൾ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിലാക്കുന്നതിന് സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിനു കീഴിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ പരിഷ്കരണ നിർവ്വഹണ സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ